# സമാധാനമുള്ള ഭവനങ്ങളിൽ ദൈവം വസിക്കുന്നു

**സാക് പുന്നൻ**

WFTW Malayalam 29 April 2012

www.jeevamozhikal.org

സമാധാനമുള്ള ഭവനങ്ങളിലാണ് ദൈവം വസിക്കുന്നത്. യേശു തന്റെ ശിഷ്യന്മാരെ പല സ്ഥലങ്ങളിലേയ്ക്ക് പ്രസംഗിക്കുവാൻ പറഞ്ഞയച്ചപ്പോൾ, ലൂക്കോസ് 10:5 - 7ൽ സമാധാനമുള്ള ഭവനം അന്വേഷിക്കുക എന്നാണ് അവിടുന്ന് പറഞ്ഞത്. എന്തുകൊണ്ടാണ് അവിടുന്ന് അങ്ങനെ പറഞ്ഞത്? കാരണം സമാധാനം നിറഞ്ഞ അധികം ഭവനങ്ങൾ കണ്ടെത്തുവാൻ അവർക്ക് കഴിയുകയില്ല എന്ന് ദൈവം അറിഞ്ഞിരുന്നു.

വഴക്കും ബഹളവും ഇല്ലാത്ത ഭവനങ്ങളിലാണ് ദൈവം വസിക്കുന്നത്. എന്തിനു വേണ്ടിയാണ് ഭർത്താവും ഭാര്യയും തമ്മിൽ വഴക്കുണ്ടാകുന്നത്? മിക്കവാറും അത് ഏതെങ്കിലും ഭൗതീക ആവശ്യങ്ങൾക്കുവേണ്ടിയോ, അല്ലെങ്കിൽ ലോകപ്രകാരമുള്ള ഏതെങ്കിലും കാര്യങ്ങളിൽ സംഭവിച്ച തെറ്റിനെ ചൊല്ലിയോ ആയിരിക്കും. ഈ ലോക ജീവിതത്തിൽ തെറ്റുകൾ സംഭവിക്കാം. എന്നാൽ തെറ്റുകൾ സംഭവിക്കുമ്പോൾ ഓർക്കുക, പാപം മാത്രമാണ് ഗൗരവമായിട്ടുള്ളതെന്ന്. മറ്റെല്ലാം അപ്രധാനമാണ്. "ഗൗരവമുള്ള ഒരേയൊരു കാര്യം പാപമാണ്". എല്ലാ ഭാര്യാ ഭർത്താക്കന്മാരും ഇത് മനസിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എപ്പോഴെങ്കിലും ലോകപരമായ പ്രശ്നങ്ങൾ കാരണം ഭാര്യയും ഭർത്താവും ഹൃദയത്തിൽ കൈപ്പോടെ പരസ്പരം സംസാരിക്കാതെ ഇരിക്കുന്നുവെങ്കിൽ അത് ദൈവത്തിന്റെ ഹൃദയത്തെ ദുഖിപ്പിക്കും. ഈയൊരു ജ്ഞാനം ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കട്ടെ, "പാപത്തെ വെറുക്കുക; വിവാഹജീവിതത്തെ തകർക്കുന്ന ഒരേയൊരു കാര്യം പാപമാണ്". നിങ്ങളുടെ ഭവനം ദൈവത്തിന്റെ വിശുദ്ധ ആലയമാണെന്ന് ഓർക്കുക. അവിടെ സമാധാനം നഷ്ടപ്പെട്ടാൽ അത് ദൈവത്തിന്റെ ആലയം അല്ലാതാകും.

നാം എന്തു ചെയ്യുമ്പോഴും ഇങ്ങനെ പറയുമെന്നു ഞാൻ കരുതുന്നു; "മറ്റു മനുഷ്യർക്ക് സന്തോഷമുണ്ടോ എന്നതിലല്ല, അങ്ങേയ്ക്കു സന്തോഷമുണ്ടോ എന്നതിലാണ് ഞങ്ങൾക്ക് താൽപര്യം. ഞങ്ങളുടെ ജീവിതത്തിലെ എന്തെങ്കിലും - ഞങ്ങളുടെ ചിന്തയിലൊ, മറ്റുള്ളവരോടുള്ള മനോഭാവത്തിലോ അങ്ങേയ്ക്കു സന്തോഷം നൽകാത്തതായിട്ടുണ്ടോ? ഞങ്ങളുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ഈ ഒരു ചോദ്യം കൊണ്ട് വിലയിരുത്തുവാൻ പോകുകയാണ്. "ഇത് അങ്ങയെ പ്രസാദിപ്പിക്കുന്നതാണൊ?" അപ്പോൾ നമ്മുടെ ഭവനങ്ങൾ എങ്ങനെയായിരിക്കും എന്ന് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? സമാഗമന കൂടാരത്തിൽ തിളങ്ങിയ തേജസ്സ് അതുപോലെ അവിടയെുണ്ടാകും. നമ്മുടെ ഭവനങ്ങൾ വഴി അനേകർ ദൈവത്തിങ്കലേയ്ക്ക് ആകർഷിക്കപ്പെടും.

സമാധാനത്തിന് വേണ്ടി സ്വന്തം അവകാശങ്ങൾ വിട്ടുകൊടുക്കാൻ ഭർത്താവും ഭാര്യയും ഒരുപോലെ തയ്യാറാകുന്നയിടത്താണ് ദൈവം വാസം ചെയ്യുന്നത്. ഒരിക്കൽ ചെറുപ്പക്കാരായ ദമ്പതികൾ ട്രെയിൻ കയറാൻ പോകുന്നതിനിടെ എന്നോടു ചോദിച്ചു, "ബ്രദർ സാക്, രണ്ടു മിനിറ്റുകൊണ്ട് ഞങ്ങൾക്കൊരു പ്രബോധനം നൽകാമോ?" ഞാൻ പറഞ്ഞു, "തീർച്ചയായും, അതിതാണ്, എപ്പോഴും പരസ്പരം ക്ഷമ ചോദിക്കുവാൻ തയ്യാറായിട്ടിരിക്കുക. അതുപോലെ എപ്പോഴും ക്ഷമിക്കുവാനും തയ്യാറായിരിക്കുക." എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ഉടൻ തന്നെ ക്ഷമ ചോദിക്കുവാൻ നാം തയ്യാറായിരിക്കണം. മറ്റൊരാൾ നമ്മോട് ക്ഷമ ചോദിച്ചാൽ ഉടനെ

ക്ഷമിക്കുവാനും തയ്യാറായിരിക്കണം. അങ്ങനെയെങ്കിൽ നമ്മുടെ ഭവനങ്ങൾ സമാധാന ഭവനങ്ങളായിരിക്കും എന്ന് എനിക്കുറപ്പ് പറയുവാൻ കഴിയും.

എന്നാൽ നാം ഈ കാര്യത്തിൽ വളരെ വേഗം പ്രതികരിക്കുന്നവരാകണം. നമ്മുടെ കാലിൽ ഒരു മുള്ളു തറച്ചാൽ അതു നീക്കുവാൻ ഒരു നിമിഷംപോലും നാം കാത്തുനിൽക്കില്ല, അതുപോലെ നമ്മുടെ ഹൃദയത്തിൽ എന്തങ്കിലും ഒരു അസ്വസ്ഥത തോന്നിയാൽ നാം ഉടനെ തന്നെ അത് മാറ്റണം, നമ്മെ നശിപ്പിക്കുന്ന ഒരു മുള്ളാണത്. നമ്മുടെ കാലിനെ വേദനിപ്പിക്കുന്ന ഏതു മുള്ളിനേക്കാളും നമ്മുടെ ഹൃദയത്തെ മലിനമാക്കുന്നതാണത്. എന്തു വിലകൊടുത്തും സമാധാനം അന്വേഷിക്കുക. പണമൊ മറ്റെന്തെങ്കിലുമൊ നഷ്ടപ്പെട്ടാലും കാര്യമാക്കേണ്ടതില്ല, കാരണം അതൊന്നും സമാധാനം പോലെ പ്രാധാന്യമുള്ളതല്ല. സമാധാനവും പണവും തമ്മിൽ തൂക്കിനോക്കുമ്പോൾ എല്ലാ ഭാര്യാഭർത്താക്കന്മാരും സമാധാനത്തിന് പണത്തേക്കാൾ ഭാരമുള്ളതായിക്കാണും എന്ന് ഞാൻ കരുതുന്നു.

ഒരു ദിവസം ഭവനത്തിൽ എന്തെങ്കിലും പ്രശ്നമുണ്ടായെ? ഭക്ഷണം കരിഞ്ഞുപോവുകയോ മറ്റോ ചെയ്തോ? ഭക്ഷണം കരിഞ്ഞുപോയതുകൊണ്ട് ഒരു നേരം ഒന്നും കഴിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് എന്തെങ്കിലും സംഭവിക്കുമോ? ഒരു പക്ഷേ അതു നമ്മെ കൂടുതൽ ആരോഗ്യവാനും ആത്മീയനും ആക്കിയേക്കാം. എന്നാൽ ഈ കാര്യത്തിൽ നാം അസ്വസ്ഥനായാൽ പിശാചായിരിക്കും ജയാളിയാകുക.

ദൈവം സ്ഥാപിച്ച ആദ്യ കുടുംബത്തിന് എന്താണ് സംഭവിച്ചതെന്ന് ഓർക്കുക. ആദാമിന്റേയും ഹവ്വായുടേയും ഇടയിലേക്ക് കടക്കാൻ അവസരം കാത്ത് നിൽക്കുകയായിരുന്നു പിശാച്. അതിൽ അവൻ വിജയിച്ചു. ഇയ്യോബിന്റേയും ഭാര്യയുടേയും ഇടയിലേക്കു കയറുവാനും അവൻ വിജയിച്ചു. അതുപോലെ യിസഹാക്കിന്റേയും റിബേക്കയുടേയും ഇടയിലേക്കു കയറുവാനും അവൻ വിജയിച്ചു.

ഒരു ഭർത്താവിന്റേയും ഭാര്യയുടേയും ഇടയിലേക്ക് പിശാച് കടന്നുവരണമെന്നുള്ളത് ഒരിക്കലും ദൈവഹിതമല്ല.

മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ.